"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഎ1/387/2022-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 08-11-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഭിന്നശേഷിക്കാർക്ക നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർപോലുള്ള ചെലവു കൂടിയ ഉപകരണങ്ങൾ വാങ്ങി നൽകുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 ന നടന്ന യോഗത്തിന്റെ തീരുമാനം 3.3

**********************

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചിത മാർഗരേഖ പ്രകാരം, 40% ത്തിലേറെ വൈകല്യമുണ്ടെങ്കിലും സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഭിന്നശേഷിക്കാർക്ക നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർപോലുള്ള ചെലവു കൂടിയ ഉപകരണങ്ങൾ ത്രിതല പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങേണ്ടതാണ്. ഒരു ജില്ലയിലേക്കുള്ളത് ഒരുമിച്ച് വാങ്ങിയാൽ വിലകുറച്ച് ലഭ്യമാകും എന്നതിനാലാണ് ഇത്. എന്നാൽ ഇവ ഗ്രാമപഞ്ചായത്തുകൾ മുഖേന വേണം വിതരണം ചെയ്യേണ്ടത്. നഗരഭരണസ്ഥാപനങ്ങൾക്ക് ആയത് നേരിട്ട് വാങ്ങാവുന്നതാണ്.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sureshkumar K**
**Date: 11-11-2022 10:55:56**

സെക്ഷൻ ഓഫീസർ.